# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVIII | March 2018 | No. 3


| | ARTICLES | *page* |
|---|---|---|
| ഡോ ബി. വിവേകാനന്ദൻ | തൊട്ടിൽ മുതൽ ചുടല വരെ [സമകാലിക മലയാളം, 26 മാർച്ച്, 2018 ] | 1-16 |
| അഡ്വ. വി.എൻ. ഹരിദാസ് | ദയാമരണം ആർക്ക് ? [മാധ്യമം, 26 മാർച്ച്, 2018 ] | 17-26 |
| Ramesh Kr Yadav<br>Rohit Deo Jha | Transparent Tax Administration<br>[Yojana, March 2018] | 27-35 |
| Shailaja Fennell<br>John Holmes & Bernie Jones | Smart Cities Need Smart Villages<br>[Economic & Political Weekly, March 24, 2018] | 36-42 |
| | **BOOK REVIEW** | |
| Devaki Jain | A Revolutionary Woman- [Book review on "A Passionate Life : Writings by and on Kamaladevi Chattopadhay." edited by Ellen Carol Dubois and Vinay Lal<br>[Economic & Political Weekly, March 24, 2018] | 43-47 |
| | **LEGISLATIVE BUSINESS** | |
| | Resume of Business transacted during the 244th Session of the Rajya Sabha | 48-78 |

FOCUS



# തൊട്ടിൽ മുതൽ ചുടല വരെ

**ഡോ.ബി. വിവേകാനന്ദൻ**

സ്ഥിതിസമത്വത്തിൽ വിശ്വസിക്കുന്ന ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി ഉയർത്തുക എന്നത് ഒരു ദേശീയ പൊതുലക്ഷ്യമായി അംഗീകരിച്ച് യോജിച്ചു പ്രവർത്തിക്കേണ്ട സമയമാണിത്. ഇന്ത്യയിലെ എല്ലാ ജനങ്ങളുടെയും ജീവിതനിലവാരത്തിൽ ഇന്നു നാം കാണുന്ന അസമത്വം സ്ഥായിയായി, സമാധാനപരമായി അവസാനിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി മാറ്റുക എന്നതു മാത്രമാണ്. ചിന്തിച്ചുനോക്കിയാൽ, മഹാനായ കാറൽ മാക്സ് തന്റെ ജീവിതാവസാനഘട്ടത്തിൽ വിഭാവനചെയ്ത വർഗ്ഗരഹിത സമൂഹം, കൂട്ടിയും കിഴിച്ചും നോക്കുമ്പോൾ, ഒരു പുതിയ ക്ഷേമരാഷ്ട്രമായിരുന്നു എന്ന് കാണാൻ കഴിയും. അതായിരുന്നു അദ്ദേഹത്തിന്റേയും ലക്ഷ്യമെന്ന വസ്തുത മനസ്സിലാക്കുന്നതിന്, 1871-ലെ പാരീസ് കമ്മ്യൂണിന്റെ ഉയർച്ചയുടേയും തകർച്ചയുടേയും ദുഃഖകരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ, അദ്ദേഹത്തിന്റെ ചിന്തയിലുണ്ടായ ശ്രദ്ധേയമായ മാറ്റങ്ങൾ വിലയിരുത്തിയാൽ മാത്രം മതി.

ഫ്രാൻസ് 1870-71 ൽ പ്രഷ്യയുമായി യുദ്ധത്തിലേർപ്പെട്ടിരുന്നപ്പോഴാണ്, മാർക്സിന്റെ അനുഗ്രഹാശിസുകളോടെ പാരീസിലെ തൊഴിലാളികൾ വിപ്ലവമാരംഭിക്കുകയും വിജയകരമായി അധികാരം പിടിച്ചെടുക്കുകയും പാരീസ് കമ്മ്യൂൺ സ്ഥാപിക്കുകയും ചെയ്തത്. എന്നാൽ, യുദ്ധത്തിനുശേഷം പാരീസിൽ മടങ്ങിയെത്തിയ ഫ്രെഞ്ചുസൈന്യം കമ്മ്യൂൺ പിടിച്ചെടുത്ത് അധികാരം തിരിച്ചുപിടിച്ച് പാരീസ് കമ്മ്യൂണിനെ തകർക്കുകയും ആപ്രക്രിയയിൽ 20,000 കമ്മ്യൂണാർഡുകൾ വധിക്കപ്പെടുകയും 1,40,000 പേർ ജയിലിലടയ്ക്കപ്പെടുകയും ചെയ്തു. ഈ ദുരന്തം ഉണ്ടാക്കിയ കഠിനമായ ദുഃഖം മാർക്സിനെ ഒരു വർഷം നീണ്ടുനിന്ന ആഴത്തിലുള്ള ഒരു ആത്മപരിശോധനയ്ക്ക് വിധേയനാക്കി.ഇത് അദ്ദേഹത്തിന്റെ വിപ്ലവമാർഗ്ഗ വീക്ഷണത്തിൽ സാരമായ മാറ്റങ്ങളുണ്ടാക്കി.



മാറ്റത്തിനുവേണ്ടി സേച്ഛാധിപത്യേതര രാഷ്ട്രങ്ങളിൽ വിപ്ലവമാർഗ്ഗം സ്വീകരിക്കേണ്ടതില്ലെന്നും ഇംഗ്ലണ്ട്, അമേരിക്ക, ഹോളണ്ട് പോലുള്ള ജനാധിപത്യരാഷ്ട്രങ്ങളിൽ വിപ്ലവമാർഗ്ഗത്തിലൂടെ അല്ലാതെതന്നെ സമാധാനപരമായ പരിവർത്തനത്തിലൂടെ സ്ഥിതിസമത്വം കൈവരിക്കാനാകുമെന്നും അദ്ദേഹം 1872 സെപ്റ്റംബർ 8-ാം തീയതി ആംസ്റ്റർഡാമിൽ നടത്തിയ ഒരു ചരിത്രപ്രധാനമായ പ്രസംഗത്തിൽ വ്യക്തമാക്കി. അങ്ങനെ, തന്റെ 52-ാം വയസ്സിൽ, പുതിയ അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ പക്വതയാർന്ന മാർക്സ്, സോഷ്യലിസ്റ്റ് സമൂഹസൃഷ്ടിക്ക് സമാധാനമാർഗ്ഗവും ഉപയുക്തമാണെന്ന നിഗമനത്തിലെത്തി. അതുകൊണ്ടാണ് പ്രസിദ്ധ ബ്രിട്ടീഷ് സോഷ്യലിസ്റ്റ് ചിന്തകൻ ഹരോൾഡ് ലാസ്ക്കി, കാറൽ മാർക്സ് ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് ആയിരുന്നു എന്ന് അടിവരയിട്ടു പറഞ്ഞത്. ശ്രദ്ധേയമായ ഒരു കാര്യം, മാർക്സ് 1872 - ൽ ആംസ്റ്റർഡാമിൽ ചെയ്ത ശ്രദ്ധേയമായ ഈ പ്രസംഗത്തെ, മോസ്കോയിൽ നിന്നും Progress Publishers പ്രസിദ്ധീകരിച്ച മാർക്സിന്റെ പ്രസംഗങ്ങളുടെ സമാഹാരത്തിൽ നിന്നും ബോധപൂർവ്വം വളരെക്കാലം ഒഴിവാക്കിയിരുന്നു എന്നതാണ്. മാർക്സിന്റെ ചിന്തയിൽ, ജനാധിപത്യ സോഷ്യലിസ്റ്റുകളുടെ പരിവർത്തനരീതിക്ക് അനുകൂലമായ ഒരു മാറ്റമുണ്ടായി എന്ന വസ്തുത മറച്ചുവെയ്ക്കാനാണ് മോസ്കോയിൽ നിന്നുള്ള ആ പ്രസിദ്ധീകരണം അപ്രകാരം ചെയ്തത്. ഏതായാലും മാർക്സിന്റെ വിഭാവനയിലുണ്ടായ ഈ മാറ്റത്തെ തുടർന്ന് എംഗൽസും വിപ്ലവമാർഗ്ഗത്തെക്കുറിച്ചുള്ള തന്റെ നിലപാടുകൾ പരിഷ്കരിക്കുകയും പാർലമെന്ററി ജനാധിപത്യത്തിലുള്ള തന്റെ വിശ്വാസം പ്രകടിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് യഥാർത്ഥ മാർക്സിസ്റ്റുകാർ ജനാധിപത്യ സോഷ്യലിസ്റ്റു പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകങ്ങളായി പ്രവർത്തിക്കുകയാണ് വേണ്ടത്.

സമത്വത്തിലും ഐക്യദാർഢ്യത്തിലും അധിഷ്ഠിതമായ ജനാധിപത്യ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ഏറ്റവും ശ്ലാഘനീയമായ പ്രത്യക്ഷരൂപമാണ് ക്ഷേമരാഷ്ട്രസംവിധാനം. സാമൂഹ്യ-സാമ്പത്തിക ഭേദമന്യേ, സമൂഹത്തിലെ



എല്ലാ ജനങ്ങൾക്കും കുഞ്ഞുങ്ങൾക്കും യുവാക്കൾക്കും മദ്ധ്യവയസ്ക്കർക്കും വൃദ്ധജനങ്ങൾക്കും എല്ലാം തുല്യ അവസരങ്ങളും തുല്യ സേവനങ്ങളും തുല്യ ജീവിതനിലവാരവും ജനാധിപത്യ ഗവൺമെന്റുകളുടെ ഉത്തരവാദിത്വത്തിൽ സുതാര്യമായി ഉറപ്പാക്കുന്ന, തൊഴിൽ ചെയ്യാൻ കെൽപ്പുള്ള എല്ലാ പേർക്കും തൃപ്തികരമായ വരുമാനം ലഭിക്കുന്ന തൊഴിലുകൾ ഉറപ്പാക്കിക്കൊണ്ടുള്ള ഒരു സ്ഥായിയായ വ്യവസ്ഥയാണ് ക്ഷേമരാഷ്ട്ര സംവിധാനം.

സാധാരണ ജനങ്ങളുടെ അടിസ്ഥാന ജീവതനിലവാരം സമത്വാടിസ്ഥാനത്തിൽ ഗണ്യമായി ഉയർത്തുന്നതിന് സോഷ്യലിസ്റ്റാശയങ്ങളിൽ അധിഷ്ഠിതമായ ക്ഷേമരാഷ്ട്ര സംവിധാനത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന നിഗമനത്തിൽ ഞാനെത്തിച്ചേർന്നത്, ക്ഷേമരാഷ്ട്രസംവിധാനം നടപ്പിലാക്കിയ പല രാജ്യങ്ങളിലും പോയി താമസിച്ച്, അവയിൽ ആ സംവിധാനം നടപ്പിലാക്കിയ രീതിയെക്കുറിച്ചും അത് സാധാരണ ജനജീവിതത്തിൽ വരുത്തിയ ശ്രേഷ്ഠമായ മാറ്റങ്ങളെക്കുറിച്ചും പഠിക്കാനും മനസ്സിലാക്കാനും ഉള്ള അവസരം ലഭിച്ചതിലൂടെയാണ്. ആധുനിക ക്ഷേമരാഷ്ട്ര സംവിധാനത്തിന്റെ ഈറ്റില്ലമായ സ്വീഡൻ, ഡെൻമാർക്ക്, നോർവെ, ഫിൻലൻഡ് എന്നീ സ്ക്കാൻഡിനേവിയൻ രാജ്യങ്ങളിലെ ക്ഷേമരാഷ്ട്ര സംവിധാനങ്ങളെക്കുറിച്ചും ബ്രിട്ടണിലും കാനഡയിലും ഓസ്ട്രിയയിലും ജർമ്മനിയിലും മറ്റും വിവിധ ക്രമങ്ങളിൽ നിലവിലുള്ള ക്ഷേമരാഷ്ട്ര സംവിധാനങ്ങളെക്കുറിച്ചും ഈ രാജ്യങ്ങളിൽ പോയി താമസിച്ച് അവയെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് ഈ സംവിധാനം നമ്മുടെ രാഷ്ട്രത്തിലും മറ്റു രാഷ്ട്രങ്ങളിലും അനുയോജ്യമായ മാറ്റങ്ങളോടെ നടപ്പിൽവരുത്തി സാധാരണ ജനജീവിതം കൂടുതൽ ഫലപ്രദവും നീതി പൂർവ്വകവും സമത്വാധിഷ്ഠിതവും ആക്കണം എന്ന ലക്ഷ്യം കൂടുതൽ ദൃഢമായത്. ജനനം മുതൽ മരണം വരെ നീളുന്ന ജനക്ഷേമ പദ്ധതികളിലൂടെയാണ് സ്ക്കാൻഡിനേവിയൻ രാജ്യങ്ങൾ തങ്ങളുടെ ക്ഷേമരാഷ്ട്രങ്ങൾ കെട്ടിപ്പടുത്തത്. രാഷ്ട്രം ജനങ്ങളുടെ കുടുംബമാണ് എന്ന തത്ത്വ ത്തിലൂന്നിക്കൊണ്ട് ഒരു പുതിയ സമത്വാധിഷ്ഠിത സമൂഹം സൃഷ്ടിക്കുകയും ജനങ്ങളെ എല്ലാ വിധത്തിലുമുള്ള ആശ്രിതത്ത്വത്തിൽ



നിന്നും മുക്തരാക്കി സ്വതന്ത്രരും തുല്യരുമായ വ്യക്തികളാക്കി അവരെ പരസ്പരം സഹകരിപ്പിക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യം.

എന്താണീ ക്ഷേമരാഷ്ട്ര സംവിധാനത്തിന്റെ കാതൽ ? ഒരു ക്ഷേമരാഷ്ട്ര വ്യവസ്ഥയിൽ സാമൂഹ്യസുരക്ഷ, ആരോഗ്യരക്ഷ, വൈദ്യസഹായം, വിദ്യാഭ്യാസം, പാർപ്പിടം, സാമൂഹ്യസേവനം, തൊഴിലില്ലായ്മ നിർമ്മാർജ്ജനം, പെൻഷൻ തുടങ്ങിയുള്ള കാര്യങ്ങളിൽ ഗവൺമെന്റിന് ഗണ്യമായ ഉത്തരവാദിത്വമുണ്ടായിരിക്കും. നികുതികൾ ഏർപ്പെടുത്തിയായിരിക്കും ഇതിനുവേണ്ട പണം ഏറിയകൂറും സമാഹരിക്കുന്നത്. സാമൂഹ്യവികാസത്തിന്റെ ഗുണഫലങ്ങൾ എല്ലാവരും നീതിപൂർവ്വം അനുഭവിക്കേണ്ടതാണെന്ന ബോധം ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് അനിവാര്യമാണ്. ഈ അവബോധത്തിലൂടെ ഒരാളിന്റെ അദ്ധ്വാനഫലം മറ്റുള്ളവരുമായി ഐക്യദാർഢ്യത്തോടെ പങ്കിടാനുള്ള മനോഭാവം ജനങ്ങളിൽ വളർന്നുവരും. ഉദാത്തമായ ഒരു സാമൂഹ്യ സംവിധാനമാണിത്.

ഒരു ക്ഷേമരാഷ്ട്രത്തിൽ ജനങ്ങളുടെ ക്ഷേമത്തിന് അന്തിമമായ ഉത്തരവാദിത്വം അതാതു രാഷ്ട്രത്തിലെ ഗവൺമെന്റിനാണ്. ഗവൺമെന്റിനാണ് പരമമായ ഉത്തരവാദിത്വമെങ്കിലും ജനങ്ങളിൽ അതനുസരിച്ചുള്ള സേവനങ്ങൾ എത്തിക്കുന്നത് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വഴി ക്രമപ്പെടുത്തിയിട്ടുള്ള ഒരു വികേന്ദ്രീകൃത സംവിധാനത്തിലൂടെയാണ്.

**സ്വീഡനിലെ തുടക്കം**

1930-കളിൽ സ്വീഡനിൽ സ്വീഡിഷ് സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയാണ് സ്കാൻഡിനേവിയയിൽ വ്യവസ്ഥാപിതമായ രീതിയിൽ ഒരു ക്ഷേമരാഷ്ട്രസൃഷ്ടിക്കു തുടക്കം കുറിച്ചത്. 1932 മുതൽ 44 വർഷം തുടർച്ചയായി ഈ പാർട്ടി സ്വീഡനിൽ അധികാരത്തിലുണ്ടായിരുന്നു. സമത്വവും നീതിപൂർവമായ വിതരണസമ്പ്രദായവും പ്രോത്സാഹിപ്പിച്ചുകൊണ്ടും ജനങ്ങളുടെ ക്ഷേമത്തിൽ ഗവൺമെന്റുത്തരവാദിത്വത്തിന്റെ അളവ് വർദ്ധിപ്പിച്ചുകൊണ്ടും സ്വീഡനിലെ ജനാധിപത്യ സോഷ്യലിസ്റ്റുകൾ തങ്ങളുടെ ക്ഷേമരാഷ്ട്ര നിർമ്മാണ ലക്ഷ്യത്തെ ഒരു



ഭരണവ്യവസ്ഥയായി വികസിപ്പിച്ചെടുത്തു. സ്വീഡനിലെ ജനങ്ങൾ ഈ ഭരണവ്യവസ്ഥയെ  തൊട്ടിൽ മുതൽ ചുടല വരെ  എല്ലാ പേർക്കും സംരക്ഷണം നൽകുന്ന ക്ഷേമരാഷ്ട്ര വ്യവസ്ഥ എന്നാണ് വിശേഷിപ്പിക്കുന്നത്.

ജനനം മുതൽ ജീവിതത്തിലുടനീളം ഒരു വ്യക്തിയുടെ ക്ഷേമം ഭരണകൂടത്തിന്റെ കൂടെ ഉത്തരവാദിത്വമാണ്.  ക്ഷേമരാഷ്ട്ര വ്യവസ്ഥയിൽ പ്രസവശുശ്രൂഷകൾ എല്ലാം തന്നെ തികച്ചും സൗജന്യമാണ്.  ഒരു കുഞ്ഞ് ജനിച്ച ഉടൻ തന്നെ അതിന് ധരിക്കാനാവശ്യമായ കുഞ്ഞുടുപ്പുകളും അനുബന്ധ പരിരക്ഷാ സാധനങ്ങളുമടങ്ങിയ, ഗവൺമെന്റിന്റെ മുദ്ര പതിപ്പിച്ച ഒരു പായ്ക്കറ്റ് അമ്മയ്ക്ക് സൗജന്യമായി ആശുപത്രിയിൽത്തന്നെ ലഭ്യമാക്കും.  ശിശു ജനിച്ചതു മുതൽ അതിന്റെ വളർച്ചയ്ക്ക് ഒരു കുറവും വരാതിരിക്കാൻ ആ ശിശുവിന് 17 വയസ്സെത്തുന്നതുവരെ മാതാപിതാക്കൾക്ക് ഒരു Child Allowance ഗവൺമെന്റിൽ നിന്നും ലഭിക്കും.  എല്ലാ കുട്ടികൾക്കും തുല്യമായ, ഉന്നത നിലവാരത്തിലുള്ള, വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും സൗജന്യമായി ലഭ്യമാക്കും. പഠനത്തിനും തുടർന്നുള്ള തൊഴിലധിഷ്ഠിത പരിശീലനത്തിനും ശേഷം, ഗവൺമെന്റിന്റെ സമ്പൂർണ്ണ തൊഴിൽ നയമനുസരിച്ച് ഒരു ഉദ്യോഗാർത്ഥിക്ക് തൊഴിലവസരം ഉണ്ടാക്കിക്കൊടുക്കേണ്ട ചുമതല ഗവൺമെന്റിന്റേതാണ്. അങ്ങനെ തൊഴിൽ ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ തൊഴിൽ ലഭിക്കുന്നതുവരെ ഒരു തൊഴിൽരഹിത അലവൻസ് അയാൾക്ക് ലഭ്യമാക്കും.

തൊഴിൽ/ഉദ്യോഗം ലഭിച്ചുകഴിഞ്ഞാൽ അയാൾ ഒരു നികുതിദായകനാണ്. അങ്ങനെ ക്ഷേമരാഷ്ട്ര സംവിധാനത്തിന്റെ ഒരു പുതിയ ധനസ്രോതസ്സായി അയാൾ മാറും.  പെൻഷൻ പറ്റുമ്പോൾ പെൻഷനായി ലഭിക്കുന്നത് ശമ്പളത്തിന്റെ $^{2}/_{3}$ ഭാഗമാണ്. അതുകൊണ്ട് ഒരു പെൻഷണർക്ക് ജോലിയിലിരുന്നപ്പോഴുള്ള ജീവിതനിലവാരം ഏറെക്കുറെ നിലനിറുത്തുന്നതിന് ഈ പെൻഷൻതുക പര്യാപ്തമാകും.  കൂടാതെ, എല്ലാ മുതിർന്ന പൗരനും വാർദ്ധക്യകാല പെൻഷന് അർഹനാണ്.  ആകെ ലഭിക്കുന്ന പെൻഷൻ തുക ഒരു നിശ്ചിതപരിധി യിലധികമായാൽ അതിന് നികുതിയടയ്ക്കണം.



എല്ലാ മുതിർന്ന പൗരന്മാർക്കും ആരോഗ്യ സംരക്ഷണം തികച്ചും സൗജന്യമാണ്. ഒരു പൗരന്റെ മരണാനന്തരം അയാളുടെ ശവസംസ്ക്കാര ചെലവുകളും വഹിക്കുന്നത് ഗവൺമെന്റാണ്. സ്വീഡൻ പോലുള്ള ഒരു ക്ഷേമരാഷ്ട്രത്തിൽ ഒരു വ്യക്തിക്ക് ഗവൺമെന്റ് നൽകുന്ന സംരക്ഷണം ക്രമീകരിച്ചിരിക്കുന്നത് ഈ വിധത്തിലാണ്. ഇതാണ് From- the Cradle- to- the- Grave Welfare State System'എന്ന് പരക്കെ അറിയപ്പെടുന്നത്. ഈ സംവിധാനത്തിൽ, സാമൂഹിക അടിസ്ഥാനത്തിലോ ഉള്ള വിഭാഗീയതകളും അസമത്വങ്ങളും, അവയുടെ പേരിൽ ഉദ്യോഗങ്ങൾക്കുവേണ്ടിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സീറ്റുകൾക്കുവേണ്ടിയും സമൂഹത്തിൽ സ്ഥിരമായി സംഘർഷം സൃഷ്ടിക്കുന്ന റിസർവേഷൻ പൊളിറ്റിക്സും അപ്രസക്തമാണ്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത, ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലങ്ങൾ പരിഗണിക്കാതെ തന്നെ രാഷ്ട്രത്തിലെ എല്ലാ ജനങ്ങൾക്കും ന്യായമായ ജീവിതനിലവാരം ഉറപ്പുവരുത്തുന്നതാണ് ക്ഷേമരാഷ്ട്ര സംവിധാനം. ഇതിലേക്കുള്ള പണത്തിന് സർക്കാർ ആശ്രയിച്ചിരിക്കുന്നത് നികുതികളെയാണ്. വരവിനാസ്പദമായി പടിപടിയായി കുത്തനെ ഉയരുന്ന പുരോഗമനപരമായ ഒരു നികുതിവ്യവസ്ഥ ഏർപ്പെടുത്തിക്കൊണ്ടാണ് ഇതു സാദ്ധ്യമാക്കിയത്. ഈ നികുതിവ്യവസ്ഥയിലൂടെ എല്ലാ പൗരന്മാരും ഒരേ സമയം നികുതിദായകരും അതിന്റെ ഗുണഭോക്താക്കളുമായിത്തീരുന്നു. മാത്രമല്ല, നികുതി കൊടുത്തശേഷം കയ്യിൽ ലഭിക്കുന്ന വേതനത്തിന്റെ അന്തരം കുറച്ച് സമൂഹത്തിലെ അസമത്വത്തിന്റെ തോത് പരിമിതപ്പെടുത്താനും ഇതിലൂടെ സാധിച്ചിട്ടുണ്ട്.

**ജനങ്ങളുടെ സ്വഭാവത്തിലെ മാറ്റം**

ഈ ക്ഷേമരാഷ്ട്ര സംവിധാനം ഇവിടുത്തെ ജനങ്ങളുടെ സ്വഭാവത്തിൽ ശ്രദ്ധേയമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ഇവ യൂറോപ്പിലെ വൻശക്തികളായ റഷ്യയേയും ഇംഗ്ലണ്ടിനേയും ഫ്രാൻസിനേയും ജർമ്മനിയേയും മറ്റും കൊള്ള നടത്തി കിടിലം കൊള്ളിച്ചിരുന്ന കുപ്രസിദ്ധരായ വൈക്കിങ്ങുകളുടെ



ആവാസകേന്ദ്രങ്ങളാണ്. എന്നാൽ സോഷ്യൽ ഡെമോക്രസിയുടേയും ക്ഷേമരാഷ്ട്രത്തിന്റേയും സ്വാധീനം അവരിലുണ്ടാക്കിയ സമൂലമാറ്റത്തിന്റെ ഫലമായി, ഇന്ന് ലോകത്തിലെ ഏറ്റവും സമാധാനപ്രിയരായ, സംസ്ക്കാര സമ്പന്നരായ, ഒരു ജനസമൂഹത്തെയാണ് അവിടെ നാം കാണുന്നത്. പ്രകോപിത സാഹചര്യങ്ങളിൽപ്പോലും മറ്റുള്ളവർക്ക് മുറിവേൽക്കുന്ന ഒരു ചീത്തവാക്കുപോലും ശബ്ദിക്കാൻ വിമുഖത കാട്ടുന്നവരാണവിടെ ഇപ്പോഴുള്ള ജനങ്ങൾ. ക്ഷേമരാഷ്ട്ര സംവിധാനം ജനങ്ങൾ തമ്മിലുള്ള അന്തരം എല്ലാ തരത്തിലും ഗണ്യമായ തോതിൽ കുറച്ചതുകൊണ്ട് ജനങ്ങളുടെ പൊതുപെരുമാറ്റത്തിൽ പരസ്പര ബഹുമാനം വളരെ പ്രകടമാണ്. അഴിമതി നടത്താനുള്ള ഒരു പ്രേരണയും ഈ സുതാര്യസംവിധാനം പ്രദാനം ചെയ്യുന്നില്ല. കുഞ്ഞുങ്ങളുടെ ഭാവിയും ക്ഷേമരാഷ്ട്രത്തിന്റെ സംരക്ഷണയിൽ സുരക്ഷിതമായതുകൊണ്ട് മാതാപിതാക്കൾക്ക് കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ച് ഒരു വേവലാതിയും ഇല്ല. സമ്പത്തു വർദ്ധിപ്പിക്കുന്നതിലുപരിയായി ഉന്നത സാംസ്ക്കാരിക നിലവാരമുള്ള ഒരു ജനതയെ വളർത്തിയെടുക്കാൻ ക്ഷേമരാഷ്ട്ര നിർമ്മാണമാണ് ഉത്തമമാർഗ്ഗമെന്നാണ് സ്ക്കാൻഡിനേവിയൻ രാഷ്ട്രങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനം വിജയകരമായി നടപ്പിലാക്കാനും ഈ സംവിധാനത്തിനേ കഴിയുകയുള്ളൂ.

**വളർച്ചയും വിതരണനീതിയും**

ക്ഷേമരാഷ്ട്രത്തിന്റെ കാതലായ മറ്റൊരു വശം, ഉൽപ്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങളുടെ വളർച്ചയും അവയുടെ വിതരണനീതിയും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു സാമൂഹ്യ-സാമ്പത്തിക സംവിധാനമാണ്. ജനങ്ങളോടനുകമ്പയുള്ള, സുതാര്യമായ ഒരു ജനാധിപത്യ രാഷ്ട്രത്തിന്റെ ഉത്തരവാദിത്വത്തിൽ, എല്ലാ ജനങ്ങളുടേയും ജീവിതനിലവാരം മൊത്തത്തിൽ മെച്ചപ്പെടുത്തി, ഏറെക്കുറെ സമനിലവാരമുള്ള ജീവിതരീതി സമൂഹത്തിലാകമാനം നടപ്പിലാക്കുകയാണ് അതിന്റെ ഒരു പ്രധാന ലക്ഷ്യം. ഭൂമിയിലെ വിഭവങ്ങളും അവയോടൊപ്പം തങ്ങളുടെ ബുദ്ധിശക്തിയും ഉപയോഗിച്ച് മനുഷ്യർ കാലാകാലങ്ങളിൽ നിർമ്മിക്കുന്ന ഉപഭോഗ ഉല്പന്നങ്ങളും കണക്കിലെടുത്താൽ ലോകത്തെ എല്ലാ ജനങ്ങൾക്കും സുഖമായും സന്തുഷ്ടിയോടെയും ജീവിക്കാൻ വേണ്ടുന്നതിലധികം



ഉല്പന്നങ്ങൾ നാം ഉല്പാദിപ്പിക്കുന്നുണ്ട്. എന്നു കാണാം. ആവശ്യത്തിലധികം ഉല്പന്നങ്ങൾ നാം ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും അവ എല്ലാ ജനങ്ങളിലും ഒരു പോലെ ആനുപാതികമായി ഉപഭോഗത്തിന് എത്തിച്ചേരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതേസമയം സമൂഹത്തിലെ ഒരു ചെറിയ വിഭാഗം ജനങ്ങളിലേക്ക് വളർച്ചയുടെ ഗുണഫലങ്ങൾ അമിതമായി എത്തിച്ചേരുകയും അവർ ആർഭാടത്തിമിർപ്പോടെ ജീവിതം നയിക്കുകയും മറ്റു ബഹു ഭൂരിപക്ഷം പേരും ഇല്ലായ്മയിലും ദാരിദ്ര്യത്തിലും പെട്ടുഴലുകയും ചെയ്യുന്ന അസ്വീകാര്യമായ ഒരു അസമത്വ സംവിധാനമാണ് ലോകത്തെ അനേകം രാജ്യങ്ങളിൽ, അമേരിക്കയിലുൾപ്പെടെ നടപ്പിലുള്ളത്. ഈ അസമത്വം അവസാനിപ്പിച്ച് എല്ലാ ജനങ്ങൾക്കും തുല്യ സാമൂഹ്യനീതി ഉറപ്പാക്കുന്നതിനുവേണ്ടി, അവരുടെ ഐക്യദാർഢ്യം ശക്തിപ്പെടുത്തിക്കൊണ്ടുവേണം ക്ഷേമരാഷ്ട്രം പടുത്തുയർത്തേണ്ടത്.

എല്ലാ ജനങ്ങൾക്കും മാന്യമായി ജീവിക്കാനുള്ള വരുമാനം ഉറപ്പുവരുത്തുക, എല്ലാ ജനങ്ങൾക്കും തൃപ്തികരമായ പാർപ്പിടസൗകര്യങ്ങൾ ലഭ്യമാക്കുക, ജീവിതത്തിലെ അപ്രതീക്ഷിത അടിയന്തര സാഹചര്യങ്ങൾ തരണം ചെയ്യുന്നതിനുള്ള സഹായങ്ങൾ യഥാസമയം എത്തിക്കുക, സമൂഹത്തിലെ എല്ലാ കുട്ടികൾക്കും തുല്യമായ ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകുക, അവർക്ക് ആവശ്യമായ ആരോഗ്യ പരിരക്ഷ സൗജന്യമായി നൽകുക, വൃദ്ധജനങ്ങൾക്കും, രോഗികൾക്കും തൊഴിൽരഹിതർക്കും വൈകല്യം ബാധിച്ചവർക്കും ആവശ്യമായ സംരക്ഷണവും സേവനവും ലഭ്യമാക്കുക തുടങ്ങിയവയെല്ലാം ക്ഷേമരാഷ്ട്രത്തിന്റെ ഉത്തരവാദിത്വത്തിൽപെടുന്നവയാണ്. ഈ സംവിധാനമനുസരിച്ച് വ്യക്തികൾക്കും കുടുംബങ്ങൾക്കും വാർദ്ധക്യ പെൻഷൻ, കുടുംബ അലവൻസുകൾ മുതലായ പലവിധത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ഗവൺമെന്റിൽ നിന്നും സാമൂഹ്യസേവന സഹായങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കും. ഇവ ലഭ്യമാക്കുന്നതിന് സമൂഹത്തെ കുടുംബാടിസ്ഥാനത്തിലും, കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, തൊഴിൽരഹിതർ, വികലാംഗർ മുതലായ വിഭാഗങ്ങളായും തരം തിരിച്ചിട്ടുണ്ട്.



ക്ഷേമരാഷ്ട്ര സംവിധാനത്തിന്റെ ഒരു അടിസ്ഥാന തത്ത്വം രാഷ്ട്രത്തിലെ മുഴുവൻ ജനങ്ങളുടേയും അപായ സാദ്ധ്യതകളും അവയുടെ പരിഹാരമാർഗ്ഗങ്ങൾക്കുള്ള ചെലവുകളും എല്ലാ ജനങ്ങളുടേയും കൂട്ടുത്തരവാദിത്വമാണെന്നും ഗവൺമെന്റിൽ നിന്നും ജനങ്ങൾക്കു ലഭിക്കുന്ന സഹായങ്ങളും എല്ലാ പേരും ഒരുപോലെ തുല്യമായി പങ്കിടണമെന്നുമാണ്.

**സമ്പൂർണ്ണ തൊഴിൽ നയം**

ക്ഷേമരാഷ്ട സംവിധാനത്തിന്റെ ഒരു ആണിക്കല്ലാണ് എല്ലാ ജനങ്ങൾക്കും സ്വന്തം അദ്ധ്വാനത്തിലൂടെ വരവ് ഉറപ്പാക്കുന്ന സമ്പൂർണ്ണ തൊഴിൽനയം. ഒരു വ്യക്തിയുടെ ജീവിതത്തിൽ ചെലവിനുള്ള വരുമാനം ലഭിക്കുന്ന ഒരു തൊഴിൽ വളരെ പ്രധാനമാണ്. അതുപോലെതന്നെ, സമ്പൂർണ്ണ തൊഴിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതു കൂടാതെ ഗവൺമെന്റിന്റെ നികുതി വരുമാനത്തേയും വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ, തൊഴിൽ രഹിത അലവൻസിനത്തിലുള്ള ഗവൺമെന്റിന്റെ ചെലവ് കുറയ്ക്കുകയും ചെയ്യും. ക്ഷേമരാഷ്ട്രത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ആ രീതി സഹായകരമാണ്. സാമൂഹ്യമായും സാമ്പത്തികമായും ഇതിന്റെ ഫലം ഗുണപ്രദമാണ്. ഏതു സമൂഹത്തിലും തൊഴിലില്ലായ്മ അരക്ഷിതത്വം സൃഷ്ടിക്കുന്നതുപോലെ, ഒരു സമ്പൂർണ്ണ തൊഴിൽ അന്തരീക്ഷം സമൂഹത്തിന് ശാന്തിയും സമാധാനവും പ്രദാനം ചെയ്യും. ജനങ്ങളുടെയിടയിലെ വരവുകൾ തമ്മിലും ജീവിതനിലവാരങ്ങൾ തമ്മിലും ഉള്ള അന്തരം കുറച്ച് ഏറെക്കുറെ സമാനത സൃഷ്ടിച്ചാൽത്തന്നെ ജനങ്ങൾ തമ്മിലുളള പരസ്പര ബഹുമാനത്തിനു സ്വാഭാവികമായ വർദ്ധനയുണ്ടാകുകയും അത് അവരുടെ ദൈനംദിന പ്രവൃത്തികളിലും അവർ പരസ്പരം ഉപയോഗിക്കുന്ന ഭാഷയുടെ നിലവാരത്തിലും കുറ്റവാസനകൾക്ക് കടിഞ്ഞാണിട്ട് നിയമവാഴ്ചയിലുള്ള വിശ്വാസം വർദ്ധിക്കുന്നതിലും എല്ലാം കാണാൻ കഴിയും. ഇക്കാരണങ്ങളാൽ, തൊഴിലവസരങ്ങൾ നഷ്ടപ്പെടാതെ സംരക്ഷിച്ചുകൊണ്ടുള്ള ഒരടിസ്ഥാന നയമാണ് ക്ഷേമരാഷ്ട്രങ്ങൾ സ്വീകരിച്ചിട്ടുള്ളത്.



നാം ഗൗരവമായി ചിന്തിക്കേണ്ടത് ലോകത്തെ ഏതാനും രാഷ്ട്രങ്ങളിലെ ജനങ്ങൾ ബോധപൂർവ്വം ജനക്ഷേമത്തിനു മുൻതൂക്കം നൽകി, സോഷ്യലിസ്റ്റ് സിദ്ധാന്തത്തിൽ നിന്നും ഉടലെടുത്ത ക്ഷേമരാഷ്ട്ര നിർമ്മാണം വഴി സമത്വത്തിലും ഐക്യദാർഢ്യത്തിലും അധിഷ്ഠിതമായ, ശാന്തവും സന്തുഷ്ടവുമായ ജീവിതം നയിക്കുമ്പോൾ, ആ ചുവടുപിടിച്ച് മറ്റു രാഷ്ട്രങ്ങളിലെ രാഷ്ട്രീയ നേതൃത്വങ്ങൾ അവരുടെ രാഷ്ട്രങ്ങളെ ക്ഷേമരാഷ്ട്രങ്ങളാക്കി ഉയർത്തി, അവയിലെ ജനങ്ങൾക്ക് ക്ഷേമരാഷ്ട്രത്തിന്റെ സംരക്ഷണം ലഭ്യമാക്കാതിരിക്കുന്നത് ശരിയാണോ ? ലോകത്തിലെ എല്ലാ ജനങ്ങൾക്കും ഒരുപോലെ സംരക്ഷണവും സംതൃപ്തിയും നൽകുന്ന ഒരു നല്ല നൂതന സംവിധാനമാണ് ക്ഷേമരാഷ്ട്രമെങ്കിൽ, ആഗോളതലത്തിൽ എല്ലാ രാഷ്ട്രീയ നേതൃത്വങ്ങളും ക്ഷേമരാഷ്ട്ര നിർമ്മാണം ഒരടിയന്തര കർമ്മപരിപാടിയായി സ്വീകരിച്ച്, ജനങ്ങളെ ആ പാതയിലൂടെ നയിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ക്ഷേമരാഷ്ട്ര നിർമ്മാണം മുഖ്യ ആഭ്യന്തരനയമായും അതിന് പൂരകമായി, ഇന്നു രാഷ്ട്രങ്ങളുടെ മേൽ ആയുധ ബിസിനിസ്സുകാർ അടിച്ചേൽപ്പിച്ചിട്ടുള്ള വിനാശകരമായ, പാഴ്ചെലവേറിയ deterrence doctrine-നു പകരം സുതാര്യതയിലും പരസ്പര വിശ്വാസത്തിലും, സഹകരണത്തിലും അധിഷ്ഠിതമായ Common Security doctrine രാഷ്ട്രങ്ങളുടെ പ്രതിരോധ-വിദേശനയത്തിന്റെ പുതിയ അടിത്തറയായി അംഗീകരിച്ച്, എല്ലാ രാഷ്ട്രീയ നേതൃത്വങ്ങളും ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ, ഒരു തലമുറയുടെ കാലയളവിനുള്ളിൽത്തന്നെ നമ്മുടെ രാഷ്ട്രങ്ങളെ സമത്വാധിഷ്ഠിതമായ സമാധാനത്തിന്റേയും സമൃദ്ധിയുടേയും, പരസ്പര ബഹുമാനത്തിന്റേയും, സന്തുഷ്ടിയുടേയും വിളനിലങ്ങളാക്കി മാറ്റാൻ സാധിക്കും എന്നതിന് ഒരു സംശയവും ഇല്ല. ക്ഷേമരാഷ്ട്ര നിർമ്മാണത്തെ നയിക്കുന്ന സമത്വം, നീതിപൂർവ്വകമായ വിതരണം, ജനാധിപത്യം, ഐക്യദാർഢ്യം മുതലായ അടിസ്ഥാന തത്ത്വങ്ങളുടെ ഉറവിടം സോഷ്യലിസ്റ്റ് സിദ്ധാന്തമാണ്. അതുകൊണ്ട്, മുൻകാല രാഷ്ട്രീയ സാഹചര്യങ്ങളാൽ വിഭിന്ന കോണുകളിലായിഇന്നു വിഘടിച്ചു പ്രവർത്തനം നടത്തുന്ന എല്ലാ സോഷ്യലിസ്റ്റ് ഘടകങ്ങൾക്കും



ക്ഷേമരാഷ്ട്ര നിർമ്മാണമെന്ന ബൃഹത്തായ കർമ്മപരിപാടി നടപ്പാക്കുന്നതിന് ഏകോപിച്ചു പ്രവർത്തിക്കുന്നതിന് ഒരു പ്രത്യേക ഉത്തരവാദിത്വമുണ്ട്.

ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമായി ഉയർത്തേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഇവിടത്തെ ദാരിദ്ര്യവും അസമത്വവും ജീവിത നിലവാരങ്ങൾ തമ്മിലുള്ള അന്തരവും ലംബമായും തിരശ്ചീനമായുമുള്ള സാമൂഹ്യ-സാമ്പത്തിക വിഭാഗീയതകളും അവസാനിപ്പിച്ച് സാധാരണ ജനങ്ങളുടെ ജീവിതനിലവാരം മൊത്തത്തിൽ ഉയർത്തുന്നതിന് ഇന്ത്യയിലും ഒരു ക്ഷേമരാഷ്ട്ര നിർമ്മാണം അത്യന്താപേക്ഷിതമാണ്.

**പര്യാപ്തമായ വ്യവസ്ഥകൾ**

ഇന്ത്യയുടെ ഭരണഘടനയിൽ ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി ഉയർത്താൻ പര്യാപ്തമായ പല വകുപ്പുകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവ പ്രധാനമായും ഭരണഘടനയുടെ മുഖവുരയിലും മൗലികാവകാശ അദ്ധ്യായത്തിലും, ഗവൺമെന്റ് നയങ്ങൾക്കു മാർഗ്ഗദർശ്ശനം നൽകുന്ന 'Directive Principles of State Policy' അദ്ധ്യായത്തിലും ആണുള്ളത്. അവ വ്യക്തമാക്കുന്നത് നമ്മുടെ ഭരണഘടനാശില്പികൾ ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി ഉയർത്തുന്നതിന് ലക്ഷ്യമിട്ടിരുന്നു എന്നാണ്. ഭരണഘടനയുടെ മുഖവുരയിൽത്തന്നെ എല്ലാ ജനങ്ങൾക്കും സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ നീതിയും ക്ഷേമവും ഉറപ്പാക്കുന്നതിനുവേണ്ടി ഇന്ത്യൻ സ്റ്റേറ്റ് പ്രവർത്തിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുപോലെ തന്നെ സമത്വവും നീതിയും അടിസ്ഥാന പ്രമാണങ്ങളായിട്ടുള്ള ഒരു രാഷ്ട്രമായി ഇന്ത്യയെ മാറ്റുമെന്നാണ് ഉദ്ഘോഷിച്ചിട്ടുള്ളത്. ഈ ലക്ഷ്യങ്ങൾ ക്കനുസൃതമായി പല വകുപ്പുകളും ഭരണഘടനയിലെ മൂന്നാം അദ്ധ്യായമായ മൗലികാവകാശങ്ങളിലും നാലാം അദ്ധ്യായമായ രാഷ്ട്രനയമാർഗ്ഗനിർദ്ദേശക തത്ത്വങ്ങളിലും ചേർത്തിട്ടുണ്ട്. തുല്യ അവസരാവകാശം, സ്വാതന്ത്ര്യാവകാശം, ചൂഷണത്തിനെതിരായ അവകാശം മുതലായ മൂന്നാം അദ്ധ്യായത്തിലെ പല വകുപ്പുകളും ക്ഷേമരാഷ്ട്ര നിർമ്മാണവുമായി ബന്ധപ്പെട്ടവയാണ്. ഈ ലക്ഷ്യം കൂടുതൽ പ്രകടമാക്കിയിട്ടുള്ളത്



ഭരണഘടനയിലെ നാലാം അദ്ധ്യായത്തിലാണ്. നാലാം അദ്ധ്യായത്തിലെ 38, 39, 41, 42, 43, 45 വകുപ്പുകളിലാണ് ഇന്ത്യയെ ഒരു ക്ഷേമ രാഷ്ട്രമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ വകുപ്പുകൾ പ്രകാരം ജനങ്ങളുടെ ക്ഷേമം, അവർക്ക് സാമൂഹ്യ- സാമ്പത്തിക- രാഷ്ട്രീയ-തുല്യ നീതിയിലധിഷ്ഠിതമായ ജീവിതം ഉറപ്പാക്കുന്ന ഒരു രാഷ്ട്രീയ സംവിധാനത്തിന്റെ സൃഷ്ടി, അവർക്ക് ആവശ്യമായ ജീവിത സൗകര്യങ്ങളും തൊഴിലവസരങ്ങളും തുല്യവേതനവും ആരോഗ്യകരമായ തൊഴിലന്തരീക്ഷവും നൽകുക, കുട്ടികളെ ചൂഷണരഹിതമായ ചുറ്റുപാടിൽ സംരക്ഷിക്കുക, രാഷ്ട്ര സമ്പത്തിന്റെ ഉടമസ്ഥതയും നിയന്ത്രണവും പൊതു മേഖലയിലൂടെ പൊതുജന ക്ഷേമത്തിനായി വിനിയോഗിക്കുക, വിദ്യാഭ്യാസം, തൊഴിൽ എന്നിവ എല്ലാ ജനങ്ങളുടേയും മൗലിക അവകാശമാക്കുക, തൊഴിൽ രഹിതർക്കും വൃദ്ധജനങ്ങൾക്കും രോഗികൾക്കും വികലാംഗർക്കും അത്യാഹിതങ്ങളിൽ പെട്ടവർക്കും, ഗവൺമെന്റ് സഹായം ഒരു അവകാശമാക്കുക, സ്ത്രീകൾക്ക് മാതൃത്വ ആശ്വാസങ്ങൾ നൽകുക, എല്ലാ പേർക്കും സുഖമായി ജീവിക്കാനാവശ്യമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കുക, കുട്ടികൾക്ക് നിർബന്ധിത സൗജന്യ വിദ്യാഭ്യാസം നൽകുക, അവർക്ക് ആരോഗ്യത്തോടെ സ്വതന്ത്രരായി വളരുന്നതിനുള്ള എല്ലാ അവസരങ്ങളും സൗകര്യങ്ങളും ഒരുക്കുക മുതലായവയാണ്.

ക്ഷേമരാഷ്ട്രനിർമ്മാണത്തിനുള്ള ഈ വകുപ്പുകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ട് 64 വർഷങ്ങളായി എങ്കിലും ഇവ വേണ്ടവിധത്തിൽ ഇതുവരെ നടപ്പാക്കിയിട്ടില്ല. ഈ വകുപ്പുകളിലധികവും ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശകതത്ത്വങ്ങളുടെ അദ്ധ്യായത്തിലായതുകൊണ്ട്, അവ കോടതിവഴി നടപ്പിലാക്കാൻ സാധിക്കാത്തവയാണ്. അതുകൊണ്ട് ഇവ നടപ്പിലാക്കുന്നത് അധികാരത്തിൽ ഇരിക്കുന്ന ഗവൺമെന്റുകളുടെ രാഷ്ട്രീയ ഇച്ഛാശക്തി അനുസരിച്ചാണ്. സ്വതന്ത്ര്യപ്രാപ്തിക്കുശേഷം കോൺഗ്രസ് പാർട്ടി തുടർച്ചയായി 30 വർഷം അധികാരത്തിലിരുന്നെങ്കിലും ഭരണഘടനയിലെ ക്ഷേമരാഷ്ട്ര അജൻഡയോട് ഒരു അലസ സമീപനമാണ് അത് സ്വീകരിച്ചത്. അതിനുകാരണം



കോൺഗ്രസ് പാർട്ടി തുടർച്ചയായി 30 വർഷം അധികാരത്തിലിരുന്നെങ്കിലും ഭരണഘടനയിലെ ക്ഷേമരാഷ്ട്ര അജണ്ടയോട് കൂറില്ലാതിരുന്നതുകൊണ്ട് മാത്രമാണ്. അസമത്വം വർദ്ധിപ്പിച്ചുകൊണ്ട് ഉപരിപ്ലവമായി സൗജന്യ സ്കൂൾ വിദ്യാഭ്യാസം, സൗജന്യ ആശുപത്രി ചികിത്സ, നാമമാത്രമായ ചില പെൻഷൻ പദ്ധതികൾ തുടങ്ങിയ ചില പരിപാടികൾ തുടങ്ങിവെച്ചു എങ്കിലും സമഗ്രമായ ഒരു ക്ഷേമരാഷ്ട്ര പരിപാടിയും ഇന്ത്യയിൽ കോൺഗ്രസ്സ് ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടില്ല. ക്ഷേമരാഷ്ട്ര നിർമ്മാണം ഒരു ദേശീയലക്ഷ്യമാക്കാനുള്ള ഒരു ശ്രമവും അവർ നടത്തിയിട്ടില്ല. ജവഹർലാൽ നെഹ്റുവും ഇന്ദിരാ ഗാന്ധിയും പ്രധാനമന്ത്രിമാരായിരുന്ന കാലത്ത് അവർ ഉപരിപ്ലവമായിട്ടെങ്കിലും നടപ്പിലാക്കിയ ചില ക്ഷേമരാഷ്ട്ര പരിപാടികൾ ഒന്നൊന്നായി തുരങ്കം വച്ച് നശിപ്പിക്കുകയാണ് കഴിഞ്ഞ കാൽനൂറ്റാണ്ടുകൊണ്ട് ഡോ.മൻമോഹൻസിംങ്ങും നരേന്ദ്രമോദിയും കേന്ദ്രഗവൺമെന്റിന്റെ പല അധികാരസ്ഥാനങ്ങളിൽ കയറിപ്പറ്റി ചെയ്തുകൊണ്ടിരിക്കുന്നത്.

ജനങ്ങളുടെ അത്യാവശ്യ സേവനമേഖലകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിച്ചും കമ്പോളവൽക്കരിച്ചും ലോകഭീമന്മാരായ ബഹുരാഷ്ട്ര കമ്പനികൾക്ക് ഇന്ത്യയിലെ വലിയ കമ്പോളം ഒരു കരുതലും ഇല്ലാതെ തുറന്നുകൊടുത്തുകൊണ്ട് ഇന്ത്യയിലെ തൊഴിലവസരങ്ങളെ നശിപ്പിച്ചും അവയ്ക്ക് ഇന്ത്യയിലെ പൊതുമേഖലാസ്ഥാപനങ്ങൾ കൈക്കലാക്കുന്നതിനുള്ള അനുവാദം നൽകിയും, ഇന്ത്യയുടെ ധാതുസമ്പത്തിനെ തുച്ഛമായ പണം നൽകി ഇഷ്ടം പോലെ ചൂഷണം ചെയ്ത് അവർക്ക് അവരുടെ രാജ്യങ്ങളിലേക്ക് കടത്തിക്കൊണ്ട് പോകാനുള്ള അനുവാദം നൽകിയും ഇന്ത്യൻ ജനതയുടെ പൊതുസമ്പത്തായ കൽക്കരി, പെട്രോളിയം തുടങ്ങിയ ഇന്ധനനിക്ഷേപങ്ങളെ ഇന്ത്യയിലെതന്നെ അംബാനിയെപ്പോലുള്ള മുതലാളിമാർക്ക് സ്വതന്ത്രമായി ചൂഷണം ചെയ്ത് വില നിശ്ചയിച്ചു കൊള്ളലാഭം ഉണ്ടാക്കാനും രാഷ്ട്രത്തിന് വളരെയധികം വരവ് നൽകാൻ കഴിയുന്ന ടെലികോം സെക്ടർ പ്രൈവറ്റ് കമ്പനികൾക്ക് നൽകി രാഷ്ട്രത്തിന്റെ വരവിനെ ഉളുപ്പന്റെ വൈദഗ്ദ്ധ്യത്തോടെ ഉള്ളിലിരുന്ന് തുരങ്കം വയ്ക്കുകയാണ് അവർ ചെയ്തതും ചെയ്യുന്നതും.



**ബജറ്റ് വിഹിതം**

ഇപ്രകാരം വിവിധ രീതികളിൽ രാഷ്ട്രത്തിന്റെ സ്ഥായിയായ വരുമാനം ഉള്ളിലിരുന്നു നശിപ്പിച്ച്, ജനക്ഷേമ പ്രവർത്തനങ്ങൾക്ക് മതിയായ ധനം കയ്യിലില്ലാതെ, ആ മേഖലയിലെ ഗവൺമെന്റ് പ്രവർത്തനത്തെ ബോധപൂർവ്വം തുരങ്കം വച്ചു നശിപ്പിക്കുകയാണിവർ ചെയ്തതും ചെയ്യുന്നതും. ഇതേറ്റവുമധികം ബാധിക്കുന്നത് ഇന്ത്യയിലെ താഴെക്കിടയിലുള്ള ജനവിഭാഗങ്ങളെയാണ്. അല്ലെങ്കിൽത്തന്നെ, പൊതുജനക്ഷേമത്തിനുവേണ്ടി ഇന്ത്യയിൽ ചെലവാക്കുന്ന ബജറ്റിന്റെ വിഹിതം മറ്റു ക്ഷേമരാഷ്ട്രങ്ങളെ അപേക്ഷിച്ച് വളരെ തുച്ഛമാണ്. ഉദാഹരണത്തിന്, സ്വീഡൻ പോലുള്ള ഒരു ക്ഷേമരാഷ്ട്രം ജനക്ഷേമത്തിന് ബജറ്റിന്റെ 37 ശതമാനം ചെലവാക്കുമ്പോൾ ഇന്ത്യയാകട്ടെ, ബജറ്റിന്റെ വെറും നാലു ശതമാനം മാത്രമാണ് പൊതുജനക്ഷേമത്തിനുവേണ്ടി ചെലവാക്കുന്നത്. ആ അനുപാതം വീണ്ടും കുറയ്ക്കാനാണ് മൻമോഹൻസിങ്ങും നരേന്ദ്ര മോദിയും അശ്രാന്ത പരിശ്രമം നടത്തിയതും നടത്തുന്നതും. നരേന്ദ്രമോദിയുടെ ഗവൺമെന്റിന്റെ സമീപനവും അതുതന്നെയാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ കീഴിൽ ഇപ്പോൾ സജീവമായി നടക്കുന്ന ക്ഷേമരാഷ്ട്ര വിരുദ്ധ പ്രവർത്തനങ്ങൾക്ക് അറുതിവരുത്തി ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി തീർക്കാനുള്ള കർമ്മപരിപാടികളുമായി മുൻപോട്ടുപോകുക എന്നതാണ് ഇപ്പോൾ നാം ചെയ്യേണ്ടത്.

കൂടാതെ, ജനക്ഷേമപ്രവർത്തനങ്ങൾ ഗവൺമെന്റുത്തരവാദിത്വത്തിൽ നിന്നുമാറ്റി, സ്വകാര്യ സ്ഥാപനങ്ങളുടേയും കമ്പോളങ്ങളുടേയും കയ്യിലേൽപ്പിച്ച് ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം മുതലായ അത്യാവശ്യ മേഖലകളിലെ സേവനങ്ങൾ കമ്പോളതത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ താങ്ങാനാകാത്ത വിലകൊടുത്ത് വാങ്ങുന്നതിന് സാധാരണക്കാരെ നിരന്തരം തള്ളിനീക്കുകയാണ് ഇവർ ചെയ്യുന്നത്. ഒരു ക്ഷേമരാഷ്ട്രത്തിൽ, നികുതിപ്പണമുപയോഗിച്ച് തികച്ചും സൗജന്യമായി എല്ലാ ജനങ്ങൾക്കും ഗവൺമെന്റ് നൽകേണ്ട സേവനങ്ങളാണിവ. ഇവയെ കമ്പോളവൽക്കരിക്കുന്നത് ജനവിരുദ്ധമാണ്. ചൂഷണ നിബദ്ധമായ



സ്വകാര്യ ആശുപത്രികളുടെ സ്വീകര്യത വർദ്ധിപ്പിക്കാൻ വേണ്ടി മുൻകാലങ്ങളിൽ സ്തുത്യർഹമായ പ്രവർത്തിച്ചിരുന്ന അനേകം ഗവൺമെന്റ് ആശുപത്രികളുടെ (ഉദാ: തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയും തൈക്കാടാശുപത്രിയും പോലുള്ളവ) ഫണ്ടും സ്റ്റാഫും ഗവൺമെന്റുതന്നെ മനഃപൂർവ്വം വെട്ടിക്കുറച്ച്, അവയുടെ കാര്യക്ഷമതയും പര്യാപ്തതയും പരിസരശുചിത്വവും നശിപ്പിച്ച്, അവയ്ക്ക് പേരുദോഷം ഉണ്ടാക്കി തേജോവധം ചെയ്ത്, താരതമ്യേന നിലവാരം കുറഞ്ഞ ഡോക്ടർമാരുള്ള പ്രൈവറ്റ് ആശുപത്രികളെ സഹായിക്കുകയാണ് ഇവരുടെ ഗവൺമെന്റുകൾ ചെയ്തതും ചെയ്യുന്നതും. ഭീമമായ ക്യാപിറ്റേഷൻ ഫീസും അഡ്മിഷൻ ഫീസും വാങ്ങി നടത്തുന്ന സ്വകാര്യ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്ന മിക്കവാറും എല്ലാ പേരും തന്നെ അഴിമതിക്കാരാകാനാണ് കൂടുതൽ സാദ്ധ്യത. അങ്ങനെ ഭാവിയിലെ അഴിമതി രാജാക്കന്മാരുടെ ഒരു വലിയ സൈന്യത്തെയാണ് ഈ പ്രൈവറ്റ് പ്രൊഫഷണൽ സ്ഥാപനങ്ങൾ സൃഷ്ടിച്ച്, പഠനത്തിന് കോഴ കൊടുക്കാൻ ബാങ്കുകളിൽ നിന്നെടുത്ത ഭീമമായ കടങ്ങളും ചുമലിലേന്തി, ജനസേവനത്തിനുവേണ്ടി പുറത്തിറക്കിക്കൊണ്ടിരിക്കുന്നത്. സാമൂഹിക പ്രതിപത്തി നഷ്ടപ്പെട്ട ഇവർ ഭാവിയിൽ നയിക്കുന്ന ഭരണസംവിധാനം, വിദ്യാഭ്യാസരംഗം, ആരോഗ്യവിഭാഗം, പൊതുമരാമത്തു വിഭാഗം തുടങ്ങിയവ എന്തു ധാർമ്മിക നിലവാരമായിരിക്കും പുലർത്തുന്നതെന്ന് നമുക്ക് ഊഹിക്കാവുന്നതേ ഉള്ളൂ. ഇത് ക്ഷേമരാഷ്ട്ര നിർമ്മാണത്തിന്റെ വഴിയല്ല.

**ക്ഷേമരാഷ്ട്ര ഘടകങ്ങൾ**

ഇന്ത്യയെ ഒരു ക്ഷേമരാഷ്ട്രമാക്കി ഉയർത്താൻ വേണ്ട ഘടകങ്ങൾ എന്തൊക്കെയാണ് ? ഒന്ന്, ഇന്ത്യയെ ഒരു സമ്പൂർണ്ണ തൊഴിലുള്ള രാഷ്ട്രമാക്കി മാറ്റുക. എല്ലാ പേർക്കും ആവശ്യത്തിനു വരുമാനം നൽകുന്ന തൊഴിൽ ലഭ്യമാക്കുക. ഒരു വ്യക്തിയുടെ ക്ഷേമത്തിന്റെ അടിസ്ഥാനം വരുമാനമുള്ള തൊഴിലാണ് എന്ന് സാർവത്രികമായി അംഗീകരിക്കുക. ഗവൺമെന്റിന്റെ എല്ലാ നയങ്ങളും ഇന്ത്യയിൽ സമ്പൂർണ്ണ തൊഴിൽ ഉറപ്പാക്കുന്നവയായിരിക്കണം. സമ്പൂർണ്ണ തൊഴിൽ നയം ഇന്ത്യയെ സമൃദ്ധിയിലേക്ക് നയിക്കും എന്നതിനു സംശയമില്ല. രണ്ട്, സമ്പൂർണ്ണ തൊഴിൽ നയത്തോടൊപ്പം വരവിനാസ്പദമായി പടിപടിയായി കുത്തനെ ഉയരുന്ന



നികുതിവ്യവസ്ഥ ഏർപ്പെടുത്തുക. ഈ വ്യവസ്ഥയിലൂടെ ഇന്ത്യ എന്ന ഭാവിയിലെ ക്ഷേമരാഷ്ട്രത്തിലെ എല്ലാ പൗരന്മാരും ഒരേ സമയം നികുതിദായകരും അതിന്റെ ഗുണഭോക്താക്കളുമായി തീരും. ഇത് ജനങ്ങൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ഉള്ള വരവുകളുടെ വ്യത്യാസങ്ങൾ ഗണ്യമായി കുറച്ച്, അവരെ സമത്വത്തിന്റെ പാതയിലേക്കു ആനയിക്കാൻ സഹായിക്കും. ഇത് പൊതുജനങ്ങളുടെ ഇടയിൽ സമഭാവനയും പരസ്പര ബഹുമാനവും സമാധാനവും വർദ്ധിപ്പിക്കും. ക്ഷേമരാഷ്ട്ര സംവിധാനം ജനങ്ങളുടെ ചിന്തയേയും സമീപനത്തേയും സ്വഭാവത്തേയും ഗണ്യമായി മാറ്റും എന്നത് സ്ക്കാൻഡിനേവിയൻ രാഷ്ട്രങ്ങളിൽ നാം കണ്ടതാണ്. അതിവിടെയും ഉണ്ടാകും എന്നതിന് സംശയമില്ല. കൂടാതെ വിഭാഗീയത അരക്കിട്ടുറപ്പിക്കുന്ന റിസർവ്വേഷൻ ക്വോട്ടപോലുള്ള വിഷയങ്ങളാ സ്പദമാക്കിയുള്ള സാമൂഹ്യ-സാമുദായിക-രാഷ്ട്രീയ വിവാദങ്ങളും സംഘർഷങ്ങളും സ്വയം കെട്ടടങ്ങിക്കൊള്ളും. മൂന്ന്, ഇന്ത്യയിൽ ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കേണ്ടത് സമത്വവും വിതരണനീതിയും ഐക്യദാർഢ്യവും അടിസ്ഥാന പ്രമാണങ്ങളാക്കിക്കൊണ്ടായിരിക്കണം. ക്ഷേമരാഷ്ട്രസംവിധാനത്തിന്റെ ഗുണഫലങ്ങൾ എല്ലാ പേർക്കും ഒരു പോലെ ഒരു സാമൂഹ്യ അവകാശമെന്ന നിലയിൽ ലഭ്യമാകണം. അതിന്റെ വിവിധ വശങ്ങളാണ് സൗജന്യ വിദ്യാഭ്യാസവും സൗജന്യ ആരോഗ്യ പരിരക്ഷയും പലവിധ പെൻഷൻ പദ്ധതികളും അലവൻസുകളും സാമൂഹ്യസേവന വ്യവസ്ഥകളും അവയെല്ലാം ജാതിമതഭേദമന്യ, സാമ്പത്തിക പശ്ചാത്തല ഭേദമന്യേ എല്ലാ ജനങ്ങൾക്കും ലഭ്യമാക്കണം. ഇന്ത്യയിൽ ഒരു പുതിയ വിശാലമായ മാനവീയ സംസ്ക്കാരം ക്ഷേമരാഷ്ട്ര സംവിധാനം സൃഷ്ടിക്കും എന്നതിന് സംശയമില്ല. ക്ഷേമരാഷ്ട്രനിർമ്മാണം ഒരു ദേശീയ ലക്ഷ്യമാക്കി വരും വർഷങ്ങളിൽ പ്രവർത്തിക്കേണ്ടത് ജനനന്മയ്ക്കത്യാവശ്യമാണ്. ഇന്ത്യയിലെ ജനങ്ങളുടെ പൊതുവായ ജീവിതനിലവാരം വ്യാപകമായും ഗണ്യമായും ഉയർത്തേണ്ടതുണ്ട്. ക്ഷേമരാഷ്ട്ര സംവിധാനത്തിലൂടെ മാത്രമേ അതു സാദ്ധ്യമാകുകയുള്ളൂ.

**സമകാലിക മലയാളം,**

**26 മാർച്ച് 2018.**

FOCUS



## ദയാമരണം ആർക്ക് ?

**അഡ്വ.വി.എൻ.ഹരിദാസ്**

പരമോന്നത നീതിപീഠം മാർച്ച് ഒമ്പതിന് ഒരിക്കൽകൂടി ഇന്ത്യയിൽ നിഷ്ക്രിയ ദയാമരണം (പാസിവ് യൂത്തനേസിയ) അനുവദിച്ചു. നേരത്തേ രണ്ടംഗ ബെഞ്ച് ആണ് പാസിവ് 'ദയാമരണം' നിയമവിധേയമാക്കിയത്. ഇത്തവണ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് വിധി. ആദ്യത്തെ വിധിന്യായത്തിന്റെയും അവസാന ഉത്തരം ഒന്നായിരുന്നുവെങ്കിലും അതിലേക്ക് എത്തിയ വഴികളും ന്യായങ്ങളും തെറ്റായിരുന്നു എന്ന് കൂടി അഞ്ചംഗ ഭരണഘടനാ ബെഞ്ച് വിധിച്ചിട്ടുണ്ട്.

നേരത്തേ അരുണാ ഷാൻബാഗിന്റെ ദയാമരണം ആവശ്യപ്പെട്ട് പിങ്കി വിരാനി നൽകിയ ഹർജിയിൽ ആയിരുന്നു സുപ്രീംകോടതി ആദ്യമായി നിഷ്ക്രിയ ദയാമരണം നിയമവിധേയമാക്കിയത്. 1973 നവംബർ 27 ന് വൈകിട്ട് മുംബൈയിലെ കിങ് എഡ്വാർഡ് 9 മെമ്മോറിയൽ ഹോസ്പിറ്റലിലെ സ്റ്റാഫ് നഴ്സ് അരുണ രാമചന്ദ്ര ഷാൻബാഗ് അവിടത്തെതന്നെ തൂപ്പുകാരനാൽ ആക്രമിക്കപ്പെട്ടു. ആക്രമണത്തിനിടയിൽ അവരെ പട്ടിയുടെ തുടൽ ചങ്ങല കഴുത്തിൽ മുറുക്കി ശ്വാസംമുട്ടിച്ചു. ഓക്സിജൻ പ്രവാഹം നിലച്ച് തലച്ചോർ പ്രവർത്തനരഹിതമായി ബോധരഹിതയായി രക്തത്തിൽ കുളിച്ചു കിടന്ന നിലയിൽ അരുണയെ പിറ്റേന്ന് രാവിലെ ആശുപത്രിയിലെ ഒരു ജോലിക്കാരൻ കണ്ടെത്തി. അടുത്ത മാസം അതേ ആശുപത്രിയിലെ ഒരു ഡോക്ടറുമായി അവരുടെ വിവാഹം നിശ്ചയിച്ചിരിക്കുകയായാരുന്നു. 1980 മുതൽ അരുണയുടെ കേസ് പിന്തുടരുകയും 'അരുണയുടെ കഥ' (Aruna's story) എന്ന പേരിൽ ഒരു പുസ്തകം എഴുതുകയും അവരെ സന്ദർശിക്കുകയും ചെയ്തിരുന്ന പിങ്കി വിരാനി അരുണക്ക് ദയാമരണം ആവശ്യപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ചു. ദുരന്തം സംഭവിച്ച് 37 വർഷം പിന്നിട്ടിരുന്നു അപ്പോൾ, അരുണക്ക് അറുപതിനടുത്തതായി പ്രായം. അരുണയുടെ ദയാമരണം സുപ്രീംകോടതി അനുവദിച്ചില്ലെങ്കിലും നിഷ്ക്രിയ ദയാമരണം ഇന്ത്യയിൽ അനുവദിച്ചു. 2015 ലാണ് അരുണ സ്വാഭാവിക മരണത്തിന് കീഴ്പ്പെടുന്നത്.



ദയാവധത്തെ ആക്ടീവ് എന്നും പാസീവ് എന്നും രണ്ടായി തരംതിരിക്കാം. അതോടൊപ്പം വളന്ററി എന്നും നോൺ വളന്ററി എന്നും കൂടി വിഭജനം നിലവിലുണ്ട്. മരണം ആഗ്രഹിക്കുന്ന വ്യക്തിയിൽ അതിനുള്ള മരുന്ന് ഉപയോഗിച്ച് മരണം ഉറപ്പാക്കുന്നതാണ് ആക്ടീവ് ദയാമരണം . അതേസമയം ജീവൻ രക്ഷാ മരുന്നുകളും ഉപകരണങ്ങളും പിൻവലിച്ച് മരണം വേഗത്തിലാക്കുന്നതാണ് പാസിവ്. രണ്ടാമത്തേതിൽ ജീവൻ നിലനിർത്തുന്ന പ്രവർത്തനങ്ങളുടെ അഭാവമാണ് മരണം വേഗത്തിലാക്കുന്നത്. പ്രത്യേക നിയമം വഴി അനുവദിച്ചിട്ടുള്ള രാജ്യങ്ങളിൽ ഒഴികെ ആക്ടീവ് യൂത്തനേസിയ നിയമവിരുദ്ധമാണ്.

രോഗിയുടെ അനുവാദത്തോടുകൂടിയുള്ളതാണ് വളന്ററി ദയാമരണം. അനുവാദത്തിന്റെ അഭാവത്തിൽ അത് നോൺ വളന്ററിയും ആകുന്നു. കൂടുതൽ നിയമ പ്രശ്നങ്ങൾ ഉയരുക രണ്ടാമത്തേതിൽ ആണ്. ആക്ടിവ് ദയാമരണം നിയമവിധേയമായ രാജ്യങ്ങൾ നെതർലൻഡ്സ്, സ്വിറ്റ്സർലൻഡ്, ബെൽജിയം, അൽബേനിയ എന്നിവയാണ്. ഒപ്പം യു.എസിലെ വാഷിങ്ടൺ, ഒറിഗോൺ, മൊണ്ടാന എന്നീ സ്റ്റേറ്റുകളിലും അനുമതിയുണ്ട്. നെതർലൻഡ്സിൽ ടെർമിനേഷൻ ഓഫ് ലൈഫ് ഓൺ റിക്വസ്റ്റ് ആൻഡ് അസിസ്റ്റഡ് സൂയിസൈഡ് റിവ്യൂ പ്രൊസീജേഴ്സ് ആക്ട് 2002 (Termination of life on request and assisted suicide review procedures act) അനുസരിച്ച് നിയമം അനുശാസിക്കുന്ന മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ദയാമരണവും വൈദ്യശുശ്രൂഷകന്റെ സഹായത്തോടെയുള്ള ആത്മഹത്യയും അനുവദനീയമാണ്.

സ്വിറ്റ്സർലൻഡിൽ അല്പം വ്യത്യസ്തമായ സാഹചര്യം ആണ് നിലവിലുള്ളത്. അവിടെ ദയാമരണം നിയമവിരുദ്ധമാണെങ്കിലും ആത്മഹത്യയെ സഹായിക്കുന്നത് സ്വാർഥമായ താൽപര്യത്തോടെയല്ല എങ്കിൽ അത് കുറ്റകരം അല്ല. അതിൽ ഡോക്ടർ, സാധാരണമനുഷ്യർ എന്ന വ്യത്യാസം ഒന്നും ഇല്ല. മറ്റൊരു പ്രത്യേകതകൂടി ഉള്ളത് ഗുണഭോക്താക്കൾ സ്വിസ് പൗരന്മാരാകണം എന്ന നിർബന്ധവും ഇല്ല. അതുകൊണ്ടാണ് ബ്രിട്ടനിൽനിന്ന് നൂറുകണക്കിന് രോഗികൾ സ്വിറ്റ്സർലൻഡിലേക്ക് സ്വയംഹത്യക്ക് വേണ്ടി വിമാനം കയറുന്നത്. ദയാമരണം അംഗീകരിച്ച രണ്ടാമത്തെ യൂറോപ്യൻ രാജ്യമാണ് ബെൽജിയം. മരണം



ആഗ്രഹിക്കുന്ന രോഗി സുബോധത്തോടെ ആ ആഗ്രഹം പ്രകടിപ്പിക്കുകയും അത് ആവർത്തിക്കുകയും വേണം എന്നു മാത്രം. യു.എസിലെ മേൽപറഞ്ഞ മൂന്നു സംസ്ഥാനങ്ങളിൽ വൈദ്യശുശ്രൂഷകന്റെ സഹായത്താലുള്ള മരണം നിയമവിധേയമാണ്. ഇംഗ്ലണ്ട് 2006 മേയിൽ ഇതിനായുള്ള നിയമ പരിശ്രമത്തെ പരാജയപ്പെടുത്തിയിരുന്നു. ഏറ്റവും അവസാനം 2011 ജനുവരിയിൽ ഫ്രാൻസിൽ ദയാമരണം നിയമവിധേയമാക്കാനുള്ള ശ്രമം സെനറ്റിൽ പരാജയപ്പെട്ടു.

ലോകത്തിലെ പ്രധാനപ്പെട്ട എല്ലാ നിയമങ്ങളെയും ഇവിടത്തെതന്നെ ഇതുമായി ബന്ധപ്പെട്ട മുൻ കേസുകളും ഭരണഘടനാ വകുപ്പുകളും എല്ലാം വിശദമായി പരിശോധിച്ച സുപ്രീംകോടതി ഇവിടെ നിഷ്ക്രിയ ദയാമരണം അനുവദിക്കാം എന്ന ഒരു തീരുമാനത്തിലാണ് എത്തിച്ചേർന്നത്. പിങ്കി വിരാനി കേസിൽ മാർകണ്ഡേയ കട്ജുവും ഗ്യാൻ സുധ മിശ്രയും ചേർന്ന ബെഞ്ച് ഈ വിഷയത്തിൽ ഒരു നിയമം വരുന്നത് വരെ പിന്തുടരേണ്ട വിശദമായ നടപടിക്രമങ്ങളും നിർദ്ദേശിച്ചിരുന്നു. എന്നാൽ, പ്രസ്തുത നിർദ്ദേശങ്ങൾ ഇപ്പോൾ ഭരണഘടനാ ബെഞ്ച് റദ്ദാക്കുകയും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിരിക്കുന്നു. നേരത്തേയുള്ള വിധിപ്രകാരം ഒരു രോഗിക്ക് ദയാമരണം അനുവദിക്കണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം സുപ്രീംകോടതി നൽകിയത് ഹൈക്കോടതികൾക്കാണ്. അതനുസരിച്ച് ചീഫ്ജസ്റ്റീസ് തനിക്ക് മുമ്പാകെ വരുന്ന അപേക്ഷയിൽ തീരുമാനം എടുക്കാനായി രണ്ടിൽ കുറയാത്ത ജഡ്ജിമാരുടെ ബെഞ്ചിലേക്ക് ഈ അപേക്ഷ റഫർ ചെയ്യുന്നു. അവർ തീരുമാനം എടുക്കുന്നതിനു മുമ്പായി മൂന്നംഗ ഡോക്ടർമാരുടെ വിദഗ്ധ ഉപദേശം തേടുന്നു. ഡോക്ടർമാരുടെ ഈ പാനലിൽ ഒരാൾ മനോരോഗ വിദഗ്ധനും മറ്റൊരാൾ നാഡീരോഗവിദഗ്ധനും പിന്നെയുള്ള ആൾ ഫിസിഷ്യനും ആകുന്നതാണ് അഭികാമ്യം. ഇതിനായി ബന്ധപ്പെട്ട ഭരണകൂടവുമായി ആലോചിച്ച് ഡോക്ടർമാരുടെ ഒരു പാനൽ രൂപവത്കരിക്കുകയും അവരുടെ ഫീസ് നിശ്ചയിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ വിദഗ്ധ ഡോക്ടർമാർ രോഗിയെ പരിശോധിച്ച് വിശദ റിപ്പോർട്ട് ബെഞ്ചിന് സമർപ്പിക്കണം. ഹൈക്കോടതി ബെഞ്ച്



ഈ റിപ്പോർട്ട് സഹിതം രോഗിയുടെ ബന്ധുക്കൾക്കും അടുത്ത സുഹൃത്തുക്കൾക്കും സ്റ്റേറ്റിനും നോട്ടീസ് നൽകണം. മേൽപറഞ്ഞവരെ എല്ലാം വിശദമായി കേട്ട ശേഷം ഡോക്ടർമാരുടെ റിപ്പോർട്ട് കൂടി പരിഗണിച്ചാണ് കോടതി തങ്ങളുടെ വിധി പുറപ്പെടുവിക്കേണ്ടത്. ഈ വിഷയത്തിൽ ഒരു നിയമനിർമാണം ഉണ്ടാകുന്നതുവരെ ഇന്ത്യ മുഴുവൻ ഈ ഒരു നടപടിക്രമം ആണ് പിന്തുടരേണ്ടത് എന്ന് കൂടി സുപ്രീംകോടതി നിർദേശിച്ചിരുന്നു. എന്നാൽ, പുതിയ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ മാർഗനിർദേശപ്രകാരം ഉത്തരവാദിത്തങ്ങളും ചുമതലകളും ഡോക്ടർമാർക്ക് കൈമാറിയിരിക്കുകയാണ്. ഡോക്ടർമാർക്കാണ് മേൽക്കൈ.

പുതിയ വിധിയനുസരിച്ച് ഒരു വ്യക്തിക്ക് ഭാവിയിൽ തനിക്ക് ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അവസ്ഥ വന്നാൽ വൈദ്യസഹായം വേണ്ടെന്നു വെക്കാൻ വേണ്ടി ശാരീരികവും മാനസികവുമായി ആരോഗ്യവാനായ അവസ്ഥയിൽ വിൽപത്രം എഴുതിവെക്കാം. ജുഡീഷ്യൽ മജിസ്ട്രേറ്റ് ആണ് ഈ രേഖ സൂക്ഷിച്ചുവെക്കേണ്ടത്. അത്തരം ഒരു സാഹചര്യം വന്നു എന്ന് ചികിത്സിക്കുന്ന ഡോക്ടറിന് ബോധ്യം വരുന്ന പക്ഷം മജിസ്ട്രേറ്റിന്റെ അടുത്ത് നിന്ന് ഈ രേഖയുടെ ആധികാരികതയും ശരിയും ഡോക്ടർ ഉറപ്പ് വരുത്തണം. അതിനുശേഷം രോഗിയുടെ അടുത്ത ബന്ധുക്കളെ ഈ വിഷയം പറഞ്ഞു ബോധ്യപ്പെടുത്തണം. ചികിത്സയുടെ സ്വഭാവം, രോഗിയുടെ ആരോഗ്യാവസ്ഥയിലുണ്ടായിരുന്ന ഇച്ഛ, ഇനി വൈദ്യസഹായം തുടർന്നാലും ലഭിക്കാൻ പോകുന്ന ഫലം എന്നിവയെല്ലാം ബോധ്യപ്പെട്ടശേഷവും വൈദ്യസഹായം പിൻവലിക്കുന്നതാണ് നല്ലത് എന്ന് ബന്ധുക്കൾ തീർച്ചപ്പെടുത്തുകയും ഉറച്ച തീരുമാനത്തിൽ എത്തുകയും ചെയ്തു എന്ന് ഡോക്ടർക്ക് ഉത്തമബോധ്യം വരണം. ചികിത്സിക്കുന്ന ഡോക്ടറിന്റെ ഉത്തരവാദിത്തം അവിടംകൊണ്ടും അവസാനിക്കുന്നില്ല. ആശുപത്രിയിലെ ചികിത്സാവിഭാഗം തലവനും ചുരുങ്ങിയത് മൂന്ന് തീവ്ര പരിചരണ വിഭാഗങ്ങളിൽ നിന്ന് ഇരുപതിൽ കുറയാത്ത വർഷം പ്രവൃത്തിപരിചയമുള്ള ഡോക്ടർമാർ അടങ്ങിയ ഒരു മെഡിക്കൽ ബോർഡ് രൂപവത്കരിക്കണം. ഈ മെഡിക്കൽ



ബോർഡ് രോഗിയെ സന്ദർശിക്കുകയും വൈദ്യസഹായം പിൻവലിക്കണോ വേണ്ടയോ എന്നതിനെ സംബന്ധിച്ച് ഒരു പ്രാഥമിക റിപ്പോർട്ട് നൽകുകയും വേണം. മെഡിക്കൽ ബോർഡ് അനുകൂല റിപ്പോർട്ട് ആണ് നൽകുന്നത് എങ്കിൽ ഡോക്ടർ ഉടൻതന്നെ ജില്ലാ കലക്ടറെ വിവരം അറിയിക്കുകയും അദ്ദേഹം ഇതേപോലെ നിഷ്പക്ഷരായ ഡോക്ടർമാർ അടങ്ങിയ ഒരു മെഡിക്കൽ ബോർഡിനെ രൂപവത്കരിക്കണം. ഈ മെഡിക്കൽ ബോർഡ് രോഗിയെ സന്ദർശിക്കുകയും വിൽപത്രം നടപ്പിലാക്കുന്നതിന് അനുകൂലമായ റിപ്പോർട്ട് നൽകുകയും ആണെങ്കിൽ ജുഡീഷ്യൽ മജിസ്ട്രേറ്റിനു വിവരം നൽകുകയും അദ്ദേഹം രോഗിയെ സന്ദർശിക്കുകയും അവസാനം വൈദ്യസഹായം പിൻവലിക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കാനുള്ള അന്തിമ അനുമതി നൽകുകയും ചെയ്യുന്നു. ഒരു വിൽപത്രം എഴുതിയില്ലെങ്കിലും നടപടിക്രമം ഇതുതന്നെയാണ്. മെഡിക്കൽ ബോർഡ് വൈദ്യസഹായം പിൻവലിക്കാനുള്ള അനുമതി നൽകിയില്ല എങ്കിൽ മജിസ്ട്രേറ്റിന് ഡോക്ടർക്കും അടുത്ത ബന്ധുവിനും ഹൈക്കോടതിയെ സമീപിക്കാനായി അനുവദിക്കാവുന്നതാണ്. നേരത്തേ, എല്ലാ അധികാരവും ചുമതലകളും ഹൈക്കോടതിക്കാണ് നൽകിയിരുന്നത് എങ്കിൽ ഈ വിധിന്യായത്തിലൂടെ അതെല്ലാം മെഡിക്കൽ ബോർഡിലും ചികിത്സിക്കുന്ന ഡോക്ടറിലും നിക്ഷിപ്തമാക്കിയിരിക്കുന്നു എന്നതാണ് വ്യത്യാസം.

നൈതികവും ധാർമികവും നിയമപരവുമായ ഒട്ടേറെ ചോദ്യങ്ങൾ ഈ വിധിന്യായം ഉയർത്തുന്നുണ്ട്. ജീവിക്കാനുള്ള അവകാശവുമായി ബന്ധപ്പെട്ടാണ് ദയാമരണം എല്ലായ്പ്പോഴും ചർച്ച ചെയ്യപ്പെടാറുള്ളത്. ഈ കേസിൽ ജീവിക്കാനുള്ള അവകാശത്തോടൊപ്പം അന്തസ്സായി മരിക്കാനുള്ള അവകാശം കൂടി ഉൾപ്പെടുത്തി. നിഷ്ക്രിയ ദയാമരണം അനുവദിക്കുന്നതിന് കോടതി കണ്ടെത്തിയ ന്യായം ഒരാളുടെ ജീവൻ രക്ഷിക്കുന്നതിനു ധാർമികമായി ചുമതല ഉണ്ടെങ്കിൽപോലും അത് ചെയ്യാതിരിക്കുന്നത് നിയമപരമായി ഒരു കുറ്റമല്ല എന്നാണ്. ഇവിടെ നാം അവകാശത്തെയും ചുമതലകളെയും അവയുടെ പരസ്പര ബന്ധത്തെയും ഒന്ന് പരിശോധിക്കേണ്ടതുണ്ട് സുപ്രീംകോടതിയുടെ നിരീക്ഷണം മുഴുവൻ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ഭരണഘടനയുടെ 21-ാം അനുച്ഛേദം



ജീവിക്കാനുള്ള അവകാശം നൽകിയിരിക്കുന്നു എന്ന തത്ത്വത്തിലാണ്. ഇവിടെ നാം പലപ്പോഴും മറന്നുപോകുന്നത് ഇന്ത്യ എന്ന രാജ്യവും ഭരണഘടനയും 21-ാം അനുച്ഛേദം ഒന്നും ഇല്ലെങ്കിലും നമുക്ക് ജീവിക്കാനുള്ള അവകാശം ഉണ്ടായിരിക്കും എന്ന യാഥാർത്ഥ്യമാണ്. മനുഷ്യന്റെ അടിസ്ഥാന സ്വാഭാവിക അവകാശത്തെ ഭരണഘടന അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്. ഈ തത്ത്വം ഓർമ്മിപ്പിച്ചത് ഒരു ന്യായാധിപൻ എന്നതിനപ്പുറം ഇന്ത്യ കണ്ട എക്കാലത്തെയും മികച്ച നിയമ തത്ത്വചിന്തകൻ (legal philosopher) എന്ന് വിശേഷിപ്പിക്കാവുന്ന ജസ്റ്റീസ് എച്ച്.ആർ.ഖന്നയാണ്. അടിയന്തരാവസ്ഥകാലത്ത് ജീവിക്കാനുള്ള അവകാശത്തെയും അത് കോടതിയിൽ ചോദ്യം ചെയ്യാനുള്ള അവകാശത്തെയും പോലും ഭരണകൂടം എടുത്തുകളഞ്ഞത് ഭൂരിപക്ഷ ജഡ്ജിമാർ അംഗീകരിച്ചപ്പോൾ അതിൽ വിയോജിച്ച് എഴുതിയ വിധി ന്യായത്തിൽ അദ്ദേഹം ഈ ആശയം അവതരിപ്പിക്കുന്നുണ്ട്. രാഷ്ട്രത്തിന്റെ സൗജന്യമാണ് ഈ അവകാശം എന്ന് നാം തെറ്റിദ്ധരിച്ചാൽ അത് തിരിച്ചെടുക്കാനുള്ള രാഷ്ട്രത്തിന്റെ അവകാശത്തെയും നമുക്ക് അംഗീകരിക്കേണ്ടിവരും. എല്ലാ അവകാശങ്ങൾക്കും വിപരീതമായി മറ്റൊരാളിൽ നിക്ഷേപിക്കുന്ന ഉത്തരവാദിത്തവും കടമയും ഉണ്ട്. അങ്ങനെയുള്ള കടമയിൽ അപരന്റെ ജീവൻ ഹനിക്കാതിരിക്കുക എന്ന പാസിവ് ഉത്തരവാദിത്തം മാത്രമല്ല മറിച്ച് അയാളുടെ അവകാശം സംരക്ഷിക്കാൻ ആവുന്നത് ചെയ്യുക എന്ന ക്രിയാത്മകമായ ഉത്തരവാദിത്തവും ഉണ്ട്. നിയമം അംഗീകരിച്ചതുകൊണ്ടല്ല അവകാശം ലഭ്യമായത് എന്നതുപോലെ തന്നെ കടമകളിലെ വീഴ്ച നിയമപരമായി ശിക്ഷാർഹമാക്കിയിട്ടില്ല എന്നതുകൊണ്ട് മാത്രം ഈ ഉത്തരവാദിത്തങ്ങൾ ഇല്ലാതാകുന്നുമില്ല. ഒരാളുടെ ജീവിക്കാനുള്ള അവകാശത്തെ ഹനിക്കാൻ അതൊരു ന്യായീകരണവും ആകുന്നില്ല.

മനുഷ്യന്റെ സ്വാഭാവിക അവകാശത്തെ നിയന്ത്രിക്കണം എങ്കിൽ അതിനു ഒരു നടപടിക്രമം ഉണ്ടായാൽ പോരാ, ഉപോൽബലകമായി അതിനുള്ള അധികാരവും വേണം. ഇവിടെ നിഷ്ക്രിയ ദയാമരണം നടപ്പിലാക്കാൻ കോടതി ഒരു നടപടിക്രമം നിർദ്ദേശിക്കുക മാത്രമാണ് ചെയ്തത്. ജീവിക്കാനുള്ള അവകാശത്തെ എടുത്തുകളയാൻ പറയുന്നത് എന്ത് അധികാരത്തിന്റെ



അടിസ്ഥാനത്തിലാണ്? അരുണയുടെ കേസിൽ ഒരാൾ അബോധാവസ്ഥയിൽ ആകുന്ന അവസ്ഥയിൽ അയാൾക്ക് വേണ്ടി മറ്റൊരാൾ തീരുമാനം എടുക്കുകയായിരുന്നു എങ്കിൽ ഇവിടെ ഒരു വ്യക്തിക്ക് ആരോഗ്യവും സ്ഥിരബുദ്ധിയുമുള്ള സമയത്തുതന്നെ തീരുമാനം എടുത്തു രേഖപ്പെടുത്തിവെക്കാം എന്ന ഒരു അവകാശമാണ് നൽകിയിരിക്കുന്നത്. ഈ വിധിന്യായത്തിൽതന്നെ ഒരാളുടെ ശരീരത്തെ സംബന്ധിച്ച് തീരുമാനം എടുക്കാനുള്ള അവകാശം അയാൾക്ക് മാത്രമാണ് എന്ന് നിരീക്ഷിക്കുന്നുണ്ട്. അതിലുള്ള മൗലികമായ ഒരു പ്രശ്നം നേരത്തേ പറഞ്ഞപോലെ ജീവിതം നമ്മുടെ ഇച്ഛകൊണ്ട് നേടിയെടുത്ത ഒരു അവകാശം അല്ലാതിരിക്കുന്നിടത്തോളം അത് ഹനിക്കാനുള്ള അവകാശവും നമുക്ക് ഉണ്ടാവില്ല എന്നത് കോടതി പരിഗണിക്കുന്നില്ല എന്നതാണ്. ഒരാൾ ആരോഗ്യത്തോടെ ഇരിക്കുന്ന സമയത്തെ അയാളുടെ ഹിതംതന്നെയാകണം അയാളുടെ അനാരോഗ്യകരമായ അവസ്ഥയിലും എന്ന് ഒരിക്കലും പ്രതീക്ഷിച്ചു കൂടാ. അത്തരമൊരു സാഹചര്യത്തിൽ അയാൾ നേരത്തേ എഴുതിവെച്ച രേഖയുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാൻ മറ്റുള്ളവർക്ക് അധികാരം നൽകുക എന്ന് പറയുന്നത് അയാളുടെ ശരീരത്തിൽ അപരർക്ക് അധികാരം നൽകുക എന്നതുതന്നെയാണ്. അങ്ങനെയാണെങ്കിൽ അയാൾ അബോധാവസ്ഥയിൽ ആണ് എന്നതുകൊണ്ട് മാത്രം മറ്റൊരാൾക്ക് അയാളുടെ ആ അവകാശം അയാൾക്കുവേണ്ടി വിനിയോഗിക്കാൻ സാധിക്കുമോ? അവകാശം നാം പലപ്പോഴും തെറ്റിദ്ധരിക്കുന്നതുപോലെ ഒരു പ്രവൃത്തി മാത്രമല്ല. ആ അവകാശം എങ്ങനെ വിനിയോഗിക്കണം എന്ന് തീരുമാനിക്കാനുള്ള അയാളുടെ അധികാരത്തെ കൂടി വിവക്ഷിക്കുന്നുണ്ട്. അയാൾക്ക് മാത്രം ലഭ്യമായ ഈ അധികാരം എങ്ങനെ മറ്റൊരാൾക്ക് അയാളുടെ മേൽ പ്രയോഗിക്കാൻ സാധിക്കും?

നല്ല ബുദ്ധിയും ആരോഗ്യവും ഉള്ളവരെ മാത്രമേ സമൂഹത്തിന് ആവശ്യമുള്ളൂ എന്ന ഒരു ചിന്തയും കൂടി ഈ വിധി പങ്കുവെക്കുന്നുണ്ട്. അല്ലാത്തവർ എല്ലാം മരിക്കാൻ ആഗ്രഹിക്കുന്നവരാണ് എന്നത് ബുദ്ധിയും ആരോഗ്യവും ഉള്ളവരുടെ ചിന്തയാണ്. അത് അങ്ങനെതന്നെയാകണം എന്ന്



ഒരു നിർബന്ധവും ഇല്ല. അവർ ജീവിതത്തിലേക്ക് തിരിച്ചുവരണമെന്ന് ആഗ്രഹിക്കുന്നില്ല എന്ന് ആർക്ക് പറയാൻ സാധിക്കും ? തനിക്കിഷ്ടപ്പെട്ട ഭക്ഷണത്തോടും സംഗീതത്തോടും പ്രതികരിക്കുന്ന അരുണ ജീവിതത്തെ വെറുത്തിരുന്നു എന്ന് പറയാൻ സാധിക്കുമോ ? അവരുടെ കാര്യത്തിൽ തന്നെ പിങ്കി വിരാണിയും ആശുപത്രി അധികൃതരും രണ്ട് അഭിപ്രായമാണ് പറഞ്ഞത്. അങ്ങനെ എങ്കിൽ അതിൽ നിന്ന് ഏതാണ് അവർക്ക് ഏറ്റവും അനുയോജ്യമായ തീരുമാനം എന്ന് കോടതി എങ്ങനെ ഒരു നിഗമനത്തിൽ എത്തും ? കോടതിയിൽ വാദിച്ചു തീരുമാനിക്കേണ്ടതാണ് ഒരാളുടെ ജീവന്റെ നിലനിൽപ് എന്നത് ഉൾക്കൊള്ളിക്കാൻ പ്രയാസമുള്ള ഒരു വാദമാണ്.

ഒരു രോഗിക്ക് നിഷ്ക്രിയ ദയാമരണം അനുവദിക്കണോ എന്ന കാര്യത്തിൽ അവസാന തീരുമാനം എടുക്കാനുള്ള അവകാശം നൽകിയിരിക്കുന്നത് ഡോക്ടറിനും മജിസ്ട്രേറ്റിനുമാണ്. മറ്റെല്ലാ സ്ഥാപനങ്ങളും അഴിമതിക്ക് വിധേയരായവരും താഴ്ന്ന ധാർമികതയും പുലർത്തുന്നവരും ആയതു കൊണ്ടാണോ ചികിത്സിക്കുന്ന ഡോക്ടറിനോട് ഒപ്പം മജിസ്ട്രേറ്റിനെ കൂടി അന്തിമ വിധി നിർണയിക്കാൻ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയില്ല. താരതമ്യേന ഭേദം എന്നാണ് ഉദ്ദേശിച്ചതെങ്കിൽ ഒരുപക്ഷേ നമുക്ക് അംഗീകരിക്കാൻ സാധിച്ചേക്കും. അല്ലാതുള്ള പവിത്രത നീതിന്യായ സംവിധാനത്തിൽ ആരോപിക്കുന്നത് ഇന്നത്തെ കാലത്ത് സാഹസമായിരിക്കും.

ദയാമരണം അനുവദിക്കണോ വേണ്ടായോ എന്നത് ഒരു നിയമപ്രശ്നം അല്ല. അതൊരു നയപരമായ തീരുമാനം ആണ്. നയപരമായ തീരുമാനം എടുക്കാനുള്ള അധികാരം കോടതികൾക്കില്ല. ഇവിടെ അത്തരം ഒരു തീരുമാനം എടുക്കാൻ കോടതി ഭരണകൂടത്തെ നിർബന്ധിക്കുകയും അതിനായി നിയമനിർമ്മാണം നടത്താൻ ആവശ്യപ്പെടുകയും ആണ് ചെയ്തിട്ടുള്ളത്. മുമ്പ് ലോ കമീഷൻതന്നെ അത്തരമൊരു നിർദ്ദേശം നൽകിയത് അന്നത്തെ ഭരണകൂടം അംഗീകരിച്ചിരുന്നില്ല. കേസ് പരിഗണിക്കുന്ന സമയത്ത് 'ലിവിങ്ങ് വിൽ' നിയമവിധേയമാക്കുന്നതിനെ കേന്ദ്ര സർക്കാർ എതിർത്തിരുന്നു. കൂടാതെ



ഇത്തരം രോഗികളുടെ വൈദ്യസഹായം പിൻവലിച്ച് അവരെ ശുശ്രൂഷിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു കരട് നിയമം (‘The Management of Patients with Terminal illness-Withdrawal of Medical Life Support Bill) ലോ കമ്മീഷന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് എന്നും അത് അന്തിമഘട്ടത്തിലാണ് എന്നും കേന്ദ്രം അറിയിച്ചെങ്കിലും അത് കണക്കിലെടുക്കാൻ സുപ്രീംകോടതി തയാറായില്ല. പകരം ഭരണഘടനയുടെ അനുച്ഛേദം 142 ഉപയോഗിച്ച് നിർദ്ദേശങ്ങൾ നൽകുകയായിരുന്നു. ഇതുപ്രകാരം പാർലമെന്റ് പ്രസ്തുത വിഷയത്തിൽ നിയമം നിർമ്മിക്കുന്നതുവരെ ഈ കോടതി നിർദ്ദേശങ്ങൾ രാജ്യത്ത് നിയമമായി നിലനിൽക്കും. നയപരമായ ഒരു വിഷയത്തിൽ പാർലമെന്റിനെ മറികടന്ന് നിയമനിർമ്മാണത്തിലേക്ക് കടക്കുന്ന ജുഡീഷ്യറിയുടെ സമീപനത്തിന്റെ ഏറ്റവും അവസാനത്തെ ഉദാഹരണം കൂടിയായി മാറുന്നുണ്ട് ഈ ന്യായാധിപനിർമ്മിത നിയമം (Judge made law). എല്ലാം തീരുമാനിക്കാനും നിയന്ത്രിക്കാനും അധികാരം ഉണ്ട് എന്ന ഏകാധിപത്യ മനോഭാവത്തിലേക്ക് കോടതികൾ എത്തിച്ചേരുന്നത് ഒരു നല്ല പ്രവണതയല്ല.

